# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 18.12.2024** **TIME: 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **Opposition ruckus continues in Parliament today. Both houses adjourned for today.**

2. ഡോ ബി. ആർ അംബേദ്കറെക്കുറിച്ചുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പരാമർശം കോൺഗ്രസ് തെറ്റായി വ്യഖ്യാനിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അംബേദ്കറെക്കുറിച്ചുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പരാമർശത്തെ അപലപിക്കുന്നതായി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ.

   **Prime Minister Narendra Modi has said that the Congress has misinterpreted the Union Home Minister's remark on Dr B. R. Ambedkar. Congress President Mallikarjun Kharge has condemned the Union Home Minister's remark on Ambedkar.**

3. ന്യൂനപക്ഷ വിഭാഗത്തിൻറെ ജീവിതനിലവാരം ഉയർത്താൻ സർക്കാരിന് സാധിച്ചതായി കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ.

   **Union Minister Dharmendra Pradhan said that the government has been able to improve the living standards of the minority community.**

4. അടിസ്ഥാന സൗകര്യ വികസനം, കൃഷി എന്നിവയ്ക്കൊപ്പം സാംസ്കാരിക വികസനത്തിനും ഐക്യത്തിനും സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ടെന്ന് കേന്ദ്രമന്ത്രി ജി. കിഷൻ റെഡ്ഡി

   **Union Minister G. Kishan Reddy says the government is paying special attention to cultural development and unity along with infrastructure development and agriculture.**

5. കേരളത്തിൽ ഒരാൾക്ക് കൂടി എംപോക്സ് സ്ഥിരീകരിച്ചു. സ്ഥിതി ഗതികൾ വിലയിരുത്തി ആരോഗ്യമന്ത്രി വീണാ ജോർജ്ജ്.

**One more person has been confirmed to have Mpox in Kerala. Health Minister Veena George assessed the situation.**

6. കവിയും മുൻ ചീഫ് സെക്രട്ടറിയുമായ കെ ജയകുമാറിന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം -

**Poet and former Chief Secretary K Jayakumar has been awarded the Kendra Sahitya Academy Award.**

## PARLIAMENT ADJOURNED

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ നടപടികൾ തടസ്സപ്പെട്ടു. ഡോ.ബി.ആർ അംബേദ്കറെ അപമാനിക്കുന്ന തരത്തിൽ കേന്ദ്രമന്ത്രി അമിത് ഷാ രാജ്യസഭയിൽ പ്രസ്താവന നടത്തിയെന്നാരോപിച്ച് ഇന്ന് സഭ സമ്മേളിച്ചപ്പോൾ മുതൽ പ്രതിപക്ഷം ഇരു സഭകളിലും പ്രതിഷേധം ഉന്നയിച്ചിരുന്നു. പ്രതിപക്ഷത്തിൻറെ ആരോപണങ്ങൾ ശരിയല്ലെന്നും കോൺഗ്രസാണ് അംബേദ്കറെ അപമാനിച്ചിരുന്നതെന്നും ഭരണപക്ഷാംഗങ്ങൾ പ്രത്യാരോപണം ഉന്നയിച്ചതോടെ സഭ പ്രക്ഷുബ്ധ മാവുകയായിരുന്നു. ബഹളം ശക്തമായതോടെയാണ് ഇരു സഭകളും ഇന്നത്തേക്ക് പിരിയാൻ തീരുമാനമായത്. അമിത്ഷായുടെ പരാമർശ ത്തിൽ പ്രതിഷേധിച്ച് പാർലമെൻറ് സമുച്ചയത്തിൽ പ്രതിപക്ഷ പാർട്ടികൾ ഇന്ന് പ്രതിഷേധ പ്രകടനം നടത്തിയിരുന്നു.

## PM-CONGRESS AMBEDKAR

ഡോ ബി. ആർ അംബേദ്കറെക്കുറിച്ചുള്ള പരാമർശത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രിക്കെതിരായ കോൺഗ്രസിൻ്റെ ആരോപണത്തിന് മറുപടി നൽകി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ ഭരണഘടനാ ശില്പിയെ അവഹേളിച്ച കോൺഗ്രസിൻ്റെ ഇരുണ്ട ചരിത്രം ശ്രീ അമിത് ഷാ തുറന്നുകാട്ടിയതിനാലാണ് പ്രതിപക്ഷം ഇപ്പോൾ നാടകീയ രംഗങ്ങൾ സൃഷ്ടിക്കുന്നതെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിലോടെ പറഞ്ഞു. അതേസമയം അംബേദ്കറെ ക്കുറിച്ചുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പരാമർശത്തെ അപലപിക്കുന്നതായി കോൺഗ്രസ് അധ്യക്ഷൻ

മല്ലികാർജുൻ ഖാർഗെ. ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അമിത് ഷാ മാപ്പ് പറയണമെന്നും ശ്രീ ഖാർഗെ ആവശ്യപ്പെട്ടു

## AMIT SHAH- AMBEDKAR

കഴിഞ്ഞ ദിവസം രാജ്യസഭയിൽ താൻ നടത്തിയ പ്രസംഗത്തെക്കുറിച്ചുള്ള വസ്തുതകൾ കോൺഗ്രസ് വളച്ചൊടിച്ചെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ശ്രീ അമിത് ഷാ. പാർലമെൻ്റ് പോലെയുള്ള രാജ്യത്തെ പരമോന്നത ജനാധിപത്യ വേദിയിൽ ചർച്ചകൾ നടക്കുമ്പോൾ അവ വസ്തുതകളുടെ അടിസ്ഥാനത്തിലായിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## LS-MINORITIES

ന്യൂനപക്ഷ സമുദായ പ്രതിനിധികളുമായി ദേശീയ ന്യൂനപക്ഷ കമ്മീഷൻ 'സർവ് ധരം സംവാദ്" എന്ന പേരിൽ ചർച്ചകൾ നടത്തുന്നതായി ന്യൂനപക്ഷകാര്യ മന്ത്രാലയം അറിയിച്ചു. സാമുദായിക സൗഹാർദം പ്രോത്സാഹിപ്പിക്കുന്നതിനും ബുദ്ധ-ജൈന വിഭാഗങ്ങളുടെയുൾപ്പെടെ എല്ലാ സമുദായങ്ങളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായാണ് സംവാദം നടത്തുന്നതെന്ന് ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ കേന്ദ്ര മന്ത്രി കിരൺ റിജിജു പറഞ്ഞു.

## RS POLICE MODERNISATION

പോലീസ് സേനയെ നവീകരിക്കാനായി സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കുമായി 4,846 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ടെന്ന് കേന്ദ്ര സഹമന്ത്രി നിത്യാനന്ദ് റായ്. രാജ്യസഭയിൽ രേഖാ മൂലം നൽകിയ മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. പോലീസ് സേനയ്ക്ക് ആധുനിക സാങ്കേതിക വിദ്യയും ആയുധങ്ങളും ഉൾപ്പെടെ നൽകി കൂടുതൽ സജ്ജ മാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

## PRADHAN - NCMEI FOUNDATION (INTRO)

ന്യൂനപക്ഷങ്ങൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്താൻ കഴിഞ്ഞ 10 വർഷത്തിനിടെ കേന്ദ്ര സർക്കാരിന് സാധിച്ചതായി കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ. ന്യൂഡൽഹിയിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള ദേശീയകമ്മീഷന്റെ (NCMEI) 20-ാാം സ്ഥാപക ദിനത്തോട് അനുബന്ധിച്ച് നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര സർക്കാർ, സബ്കാ സാത്ത്, സബ്കാ വിശ്വാസ് എന്ന ആശയം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നതെന്നും സർക്കാരിൻ്റെ നിരവധി പദ്ധതികൾ പാവപ്പെട്ടവരെ, പ്രത്യേകിച്ച് ന്യൂനപക്ഷ സമുദായത്തിൽ നിന്നുള്ളവരുടെ ഉന്നമനത്തിന് സഹായിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

## NHAI-GUIDELINES

ദേശീയ പാതയോരത്ത് അപകടങ്ങൾ തടയാൻ മെറ്റൽ ബീം ക്രാഷ് ബാരിയർ സ്ഥാപിക്കുമ്പോൾ, മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് കരാറുകാർക്ക് നിർദ്ദേശം നൽകി ദേശീയപാത അതോറിറ്റി. ദേശീയ പാത നിർമ്മാണത്തിൽ ഏറ്റവും ഉയർന്ന നിലവാരം കൈവരിക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും ഇതിലൂടെ ജനങ്ങളുടെ സുരക്ഷ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും ദേശീയപാത അതോറിറ്റി വ്യക്തമാക്കി.

## ONOE - JPC

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലുകൾ വിശദമായി പരിശോധിക്കുന്നതിനായി, സംയുക്ത പാർലമെൻററി സമിതിക്ക് അയയ്ക്കാൻ തയാറെന്ന് കേന്ദ്രസർക്കാർ. എല്ലാ തലത്തിലും വിശദമായി ചർച്ച ആവശ്യമായതിനാൽ ബിൽ ജെപിസിക്ക് അയക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ നിർദ്ദേശിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ലോക്സഭയെ അറിയിച്ചിരുന്നു. രാജ്യത്ത് ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്താൻ ലക്ഷ്യമിട്ടുള്ളതാണ് ബിൽ.

## AJIT DOVAL - CHINA MEETING

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ചൈനീസ് വിദേശകാര്യമന്ത്രി വാങ്-യിയുമായി ബീജിംഗിൽ ഇന്ന് കൂടിക്കാഴ്ച നടത്തി. കിഴക്കൻ ലഡാക്കിൽ നാലു വർഷത്തിലേറെയായി മരവിപ്പിച്ചിരുന്ന ഉഭയകക്ഷി ബന്ധങ്ങൾ പുനഃസ്ഥാപിക്കുക, യഥാർത്ഥ നിയന്ത്രണ രേഖയിൽ സമാധാനം നിലനിർത്തുക തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം പുനരാരംഭിച്ച പ്രത്യേക പ്രതിനിധികളുടെ ചർച്ചയിൽ പങ്കെടുക്കാൻ ഇന്നലെയാണ് ഡോവലിന്റെ നേതൃത്വത്തിലുള്ള സംഘം ബീജിങ്ങിൽ എത്തിയത്.

## JAISANKAR ISRAYEL

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഇന്ന് ഇസ്രായേൽ വിദേശ കാര്യ മന്ത്രിയുമായി ടെലിഫോണിലൂടെ സംവദിച്ചു. ഇസ്രായേലിലെ നിലവിലെ സാഹചര്യങ്ങളെ കുറിച്ചും ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയ കക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചും ചർച്ച ചെയ്തതായി ശ്രീ.ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

## REV REDDY LANGUAGES (INTRO)

അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തിക വികസനം, കൃഷി എന്നിവയ്ക്കൊപ്പം സാംസ്കാരിക വികസനത്തിനും ഐക്യത്തിനും സർക്കാർ പ്രത്യേക ഊന്നൽ നൽകുന്നതായി കേന്ദ്രമന്ത്രി ജി. കിഷൻ റെഡ്ഡി. ഇന്ത്യയുടെ ഐക്യത്തിനും സാംസ്കാരിക ചരിത്രത്തിനും രാജ്യത്തെ ഭാഷകൾ സുപ്രധാന അടിത്തറയാണെന്ന് ന്യൂഡൽഹി യിൽ മാധ്യമങ്ങളോട് സംസാരിക്കവേ അദ്ദേഹം പറഞ്ഞു. ദേശീയ വിദ്യാഭ്യാസ നയം 2020 വിദ്യാഭ്യാസത്തിലും തൊഴിലിലും പ്രാദേശിക ഭാഷകൾ ഉപയോഗിക്കാൻ സാധാരണക്കാരെ പ്രോത്സാഹിപ്പി ക്കുമെന്നും മന്ത്രി പറഞ്ഞു.

**(വോയിസ്)**

11 ഭാഷകൾക്ക് ക്ലാസിക്കൽ ഭാഷാ പദവി നൽകിയ ഏക രാജ്യം ഇന്ത്യയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## M POX

കേരളത്തിൽ ഒരാൾക്ക് കൂടി എംപോക്സ് സ്ഥിരീകരിച്ചു. യു.എ.ഇ. യിൽ നിന്നെത്തിയ കണ്ണൂർ സ്വദേശിക്കാണ് ഇന്ന് രോഗം സ്ഥിരീകരിച്ചത്. ആരോഗ്യമന്ത്രി വീണാ ജോർജ്ജിൻറെ അധ്യക്ഷതയിൽ സംസ്ഥാന തല റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേർന്ന് നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തി.

## SAHITHYA ACADEMY AWARD

കവിയും മുൻ ചീഫ് സെക്രട്ടറിയുമായ കെ ജയകുമാറിന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം. 'പിങ്ഗള കേശിനി' എന്ന കവിതാ സമാഹാരത്തിനാണ് പുരസ്കാരം. ആകെ 24 ഭാഷകളിൽ 21 എണ്ണത്തിലേക്കുള്ള പുരസ്കാരമാണ് പ്രഖ്യാപിച്ചത്.

## RAILWAY- KUMBH MELA

മഹാ കുംഭമേളയോടനുബന്ധിച്ച് യാത്രക്കാർക്ക് സൗജന്യ യാത്ര അനുവദിക്കുമെന്ന മാധ്യമ റിപ്പോർട്ടുകൾ കേന്ദ്ര സർക്കാർ തള്ളി. ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ തീർത്തും അടിസ്ഥാനരഹിതവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് ഇന്ത്യൻ റെയിൽവേയും അറിയിച്ചിട്ടുണ്ട്. യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് പ്രത്യേക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നതായും റെയിൽവേ പ്രസ്താവനയിൽ വ്യക്തമാക്കി.

## PM KUWAIT

പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 21, 22 തീയതികളിൽ കുവൈറ്റ് സന്ദർശിക്കും. കുവൈറ്റ് അമീറിൻറെ ക്ഷണ പ്രകാരമാണ് പ്രധാനമന്ത്രി യുടെ സന്ദർശനം. 43 വർഷത്തിനിടെ ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റ് സന്ദർശിക്കുന്നത്. ഇന്ത്യയും കുവൈത്തും തമ്മിലുള്ള ബഹുമുഖ ബന്ധം കൂടുതൽ ശക്തി പ്പെടുത്താൻ സന്ദർശനം

അവസരമൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

## WAYANAD REHABILITATION

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ അടിയന്തരമായി ഉപയോഗിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ ആവശ്യമായ ഇളവുകൾ അനുവദിക്കുന്നത് പരിഗണിക്കാൻ കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ച് കേരള ഹൈക്കോടതി. ഇത് സംബന്ധിച്ച് ആഭ്യന്തര മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറിക്ക് കത്ത് നൽകാൻ സംസ്ഥാനത്തോടും നിർദ്ദേശിച്ചു. 2025 ജനുവരി 10നകം കേന്ദ്രസർക്കാർ മറുപടി നൽകണം.

## IFFK

കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ആറാം ദിനത്തിൽ തിയറ്ററുകളിൽ മികച്ച പ്രേക്ഷക പങ്കാളിത്തം. ചലച്ചിത്രങ്ങളുടെ ആദ്യ പ്രദർശനം പോലെ തന്നെ മനസ്സിൽ പതിഞ്ഞ സിനിമകൾ ഒരിക്കൽ കൂടി കാണാനുള്ള അവസരവും പ്രയോജനപ്പെടുത്തുകയാണ് ചലച്ചിത്ര പ്രേമികൾ. മിഡ്നൈറ് സ്ക്രീനിങ്ങിൻറെ ഭാഗമായി ഹൊറർ ചിത്രമായ 'ദി ലോങ്ലെഗ്സ്', രാത്രി 12 മണിക്ക് നിശാഗന്ധിയിൽ പ്രദർശിപ്പിക്കും.

## EC-MEETING

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്യാൻ ,തിരഞ്ഞെടുപ്പ് കമ്മീഷൻ യോഗം ചേർന്നു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ അധ്യക്ഷനായ യോഗത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ, കമ്മീഷണർ ഡോ. സന്ധു എന്നിവരും എൻഫോഴ്സ്മെൻ്റ് ഏജൻസികളും പങ്കെടുത്തു.ഏഴാം ഡൽഹി നിയമസഭയുടെ കാലാവധി വരുന്ന ഫെബ്രുവരി 15ന് അവസാനിക്കുന്ന തിൻറെ പശ്ചാത്തലത്തിലാണ് തെരഞ്ഞെടുപ്പ്.